**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 120** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. വി. എസ്. ജോയി | ശ്രീ. എൻ. ഷംസുദ്ദീൻ |
| ശ്രീ. എം. വിൻസെന്റ് | (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീ. ടോണി ചമ്മണി | |
| ശ്രീ. നീലകണ്ഠൻ | |

**(എ)** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കാനുള്ള നയരേഖയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കേരളത്തിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പൊതുവിദ്യാലയങ്ങളെ കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' എന്ന പേരിൽ കരട് നയരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രാരംഭ തിരിച്ചറിയൽ, വിലയിരുത്തൽ, വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി, പഠനപ്രവർത്തനങ്ങളുടെയും മൂല്യനിർണയത്തിന്റെയും അനുരൂപീകരണം, സഹായസാങ്കേതിക വിദ്യകളുടെ ഉപയോഗം, തടസ്സരഹിതമായ വിദ്യാലയാന്തരീക്ഷം, അധ്യാപക ശാക്തീകരണം, തൊഴിൽ നൈപുണ്യ വികസനം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവയ്ക്ക് നയരേഖയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ ചുമതലകളും ഏകോപന സംവിധാനങ്ങളും നയരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.

**(ബി)** പാഠ്യേതര പ്രവർത്തനങ്ങളിൽ അടക്കം ഭിന്നശേഷി കുട്ടികളുടെ തുല്യപങ്കാളിത്തം ഉറപ്പാക്കാനും പുതിയ സ്കൂൾ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനും സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** **പാഠ്യേതര പ്രവർത്തനങ്ങളിൽ അടക്കം ഭിന്നശേഷി കുട്ടികളുടെ തുല്യപങ്കാളിത്തം ഉറപ്പാക്കാനും പുതിയ സ്കൂൾ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനും സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പരിഷ്കരിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. ബാരിയർ ഫ്രീ സ്കൂൾ പദ്ധതി, മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി എന്നീ രണ്ടു പദ്ധതികൾ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളോടൊപ്പം**

**കലാ, കായിക, പാഠ്യേതര പ്രവർത്തനങ്ങളിലും തുല്യപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' കരട് നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

**(സി)** ഭിന്നശേഷി കുട്ടികളുടെ പഠന നിലവാരം സംരക്ഷിച്ചും അവരുടെ താല്പര്യങ്ങൾ അനുസരിച്ചുമുള്ള പഠന പിന്തുണ ഉറപ്പാക്കാൻ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളെ ലെവൽ 1, 2, 3 എന്നിങ്ങനെ തരം തിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** ഭിന്നശേഷിയുള്ള കുട്ടികളുടെ വ്യക്തിഗത പഠനാവശ്യങ്ങൾക്കനുസരിച്ച് ചുവടെ ചേർത്തിട്ടുള്ള പ്രകാരം മൂന്ന് തലങ്ങളിലുള്ള പഠനപിന്തുണ ലഭ്യമാക്കുന്നതിനാണ് കരട് നയരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ലെവൽ 1: പൊതുക്ലാസ് മുറിയിൽത്തന്നെ ആവശ്യമായ പഠനാനുരൂപീകരണങ്ങളും പരിഹാരബോധനവും അധിക പഠനപിന്തുണയും ഉറപ്പാക്കുന്നു.

ലെവൽ 2: പൊതുക്ലാസ് പഠനം തുടരുന്നതിനൊപ്പം കൂടുതൽ വ്യക്തിഗത പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സഹായത്തോടെ റിസോഴ്സ് റൂം അധിഷ്ഠിതമായ പഠനപിന്തുണ ലഭ്യമാക്കുന്നു.

ലെവൽ 3: തീവ്രമായ പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലിന്റെയും വ്യക്തിഗത വിദ്യാഭ്യാസ പദ്ധതിയുടെയും അടിസ്ഥാനത്തിൽ അനുരൂപീകരിച്ച പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയും തൊഴിൽനൈപുണ്യ വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള പിന്തുണ ലഭ്യമാക്കുന്നതിനാണ് നിർദ്ദേശം. ഒമ്പത്, പത്ത് ക്ലാസുകളിലാണ് അനുരൂപീകരിച്ച പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി പരിഗണിക്കുന്നത്.

കുട്ടികളുടെ ഭിന്നശേഷിയുടെ വിഭാഗമോ ശതമാനമോ മാത്രം അടിസ്ഥാനമാക്കിയല്ല മറിച്ച് പഠനശേഷി, പ്രവർത്തനപരമായ ആവശ്യങ്ങൾ, പഠനപുരോഗതി എന്നിവയുടെ അടിസ്ഥാനത്തിലാണ് പിന്തുണ നിശ്ചയിക്കേണ്ടത്. കുട്ടികളെ സ്ഥിരമായി ഏതെങ്കിലും തലത്തിൽ നിലനിർത്തുകയല്ല, പകരം അവരുടെ പഠനപുരോഗതിക്കനുസരിച്ച് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയാണ് ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**